മാതൃഭൂമി
2017 • ജനുവരി 25

# വിജിലൻസിന് ചീഫ് സെക്രട്ടറിയുടെ കുറ്റപത്രം

## മുഖ്യമന്ത്രിക്ക് ചീഫ് സെക്രട്ടറിയുടെ ഫയൽ

- പൊതുമേഖലയെ വിജിലൻസ് ക്ഷീണിപ്പിച്ചു
- ഗൂഢാലോചന അന്വേഷിക്കണം
- വിജിലൻസ് സംവിധാനം പൊളിച്ചെഴുതണം


എസ്. എം. വിജയാനന്ദ്


ജേക്കബ് തോമസ്


കെ.പദ്മകുമാർ

കെ. ബാലകൃഷ്ണൻ

**കണ്ണൂർ:** ഒരുവിഭാഗം ഐ.എ.എസ്. ഉദ്യോഗസ്ഥരും വിജിലൻസ് ഡയറക്ടർ ജേക്കബ്ബ് തോമസും തമ്മിലുള്ള ശീതയുദ്ധം തുടരുന്നതിനിടെ, വിജിലൻസിനെതിരെ ഗുരുതര ആരോപണങ്ങളുമായി മുഖ്യമന്ത്രി പിണറായി വിജയന് ചീഫ് സെക്രട്ടറി അയച്ച ഫയൽ പുറത്ത്. പൊതുമേഖലയെ പുനരുദ്ധരിക്കുന്നതിനുള്ള സർക്കാരിൻെറ പദ്ധതികൾക്ക് വിജിലൻസ് നടപടികൾ തുരങ്കംവെച്ചെന്ന് ആരോപിക്കുന്ന ഫയലാണ് ചീഫ് സെക്രട്ടറി എസ്.എം. വിജയനാന്ദ് മുഖ്യമന്ത്രിക്ക് കൈമാറിയത്.

മലബാർ സിമൻറ്സ് എം.ഡി.യായിരുന്ന കെ. പദ്മകുമാറിനെ അറസ്റ്റുചെയ്തതിനോട് ബന്ധപ്പെട്ടായിരുന്നു ഫയൽ. പദ്മാകുമാറിൻെറ അറസ്റ്റ് സർക്കാറിൻെറ വികസന പദ്ധതികൾക്ക് തുരങ്കംവെക്കുന്ന വിധത്തിലാണ്. ഇത് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർത്തു. മലബാർ സിമൻറ്സിൽ ഉത്പാദന സ്തംഭനമുണ്ടായി.വാളയാറിലെ യൂണിറ്റ് പൂർണമായും നിലച്ചു. സിമൻറ് വിപണിയിൽ സ്വകാര്യമേഖല പിടിമുറുക്കി. സിമൻറുവില കൂടുന്നതിനും ഇതിടയാക്കി. പദ്മകുമാറിൻെറ അറസ്റ്റുമായി ബന്ധപ്പെട്ട് വിജിലൻസിൻെറ താഴെത്തട്ടിലെങ്കിലും ഗൂഢാലോചന നടന്നിരിക്കാൻ എല്ലാ സാധ്യതയുമുണ്ട്. പൊതുമേഖലയെ ക്ഷീണിപ്പിക്കുന്നതിനായി നടന്നിരിക്കാവുന്ന ഗൂഢാലോചന സംബന്ധിച്ച് അന്വേഷിക്കണമെന്നും ചീഫ് സെക്രട്ടറി ആരോപിച്ചു.

പദ്മകുമാറിനെ സസ്പെൻഡ് ചെയ്യേണ്ടതില്ലെന്നും വ്യവസായ പുനരുദ്ധാരണ ബോർഡ് സെക്രട്ടറിയായി അടിയന്തരമായി പുനർനിയമനം നൽകണമെന്നും ഡിസംബർ 27-ന് നൽകിയ ഫയലിൽ ചീഫ് സെക്രട്ടറി നിർദേശിച്ചു. ഈ ശുപാർശ അംഗീകരിക്കാതെ പദ്മകുമാറിനെ സസ്പെൻഡ് ചെയ്യാൻ ജനുവരി എട്ടിന് മുഖ്യമന്ത്രി ഉത്തരവിട്ടു. ഇതാണ് ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ അവധിയെടുക്കൽ നീക്കത്തിലേക്കും മുഖ്യമന്ത്രി ക്ഷുഭിതനാവുന്നതിലേക്കും നയിച്ചത്.

അതേസമയം, പദ്മകുമാറിൻെറ അറസ്റ്റിലൂടെ കമ്പനിക്കുണ്ടായതായി പറയുന്ന ക്ഷീണവും സ്വകാര്യ മേഖലയ്ക്കുണ്ടായതായി പറയുന്ന നേട്ടവുമടക്കമുള്ള വിഷയങ്ങൾ വ്യവസായമന്ത്രി പരിശോധിക്കണമെന്ന് മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്. പദ്മകുമാറിനെ അറസ്റ്റു ചെയ്തത് അതിരുവിട്ട നടപടിയാണെന്ന ആക്ഷേപം ഇപ്പോൾ പരിഗണനാർഹമല്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

### ‘വിജിലൻസ് ഒരാളിൽ കേന്ദ്രീകരിക്കരുത്’

വിജിലൻസ് നേതൃത്വം ഒരാളിൽ കേന്ദ്രീകരിക്കുന്നത് സംസ്ഥാന താത്പര്യത്തിന് വിരുദ്ധമെന്ന് മുഖ്യമന്ത്രിക്ക് നൽകിയ ഫയലിൽ ചീഫ് സെക്രട്ടറി ചൂണ്ടിക്കാട്ടുന്നു. വിജിലൻസ് സംവിധാനം പൊളിച്ചെഴുതണം. സംവിധാനത്തിൽ മാറ്റംവരുത്തണമെന്ന ശുപാർശ പ്രത്യേകം പരിഗണിക്കാമെന്നായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി.

**മറ്റ് പ്രധാന ശുപാർശകൾ**

- ഉന്നത ഉദ്യോഗസ്ഥരുമായും പൊതുമേഖലാ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ടുള്ള കേസുകളിൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ അറിവിനുമപ്പുറത്തുള്ള കാര്യങ്ങളാണധികവും. അതിനാൽ ഈ കേസുകൾ പരിശോധിക്കാൻ സമിതിയെ നിയോഗിക്കണം.
- ആഭ്യന്തരവകുപ്പിൻെറ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി, നിയമസെക്രട്ടറി, വിജിലൻസ് ഡയറക്ടർ എന്നിവരടങ്ങുന്നതാകണം സമിതി.
- കേസുകളുടെ വിവിധവശങ്ങൾ പരിശോധിച്ച് സംയുക്തമായ നിഗമനത്തിലെത്തണം.
- വിജിലൻസ് കേസ്, ദ്രുതപരിശോധന, പ്രോസിക്യൂഷൻ നടപടി എന്നിവ തുടങ്ങുന്നത് സംബന്ധിച്ച് ചട്ടങ്ങളുണ്ടാക്കണം.
- വിജിലൻസ് കമ്മിഷൻ രൂപവത്കരിക്കാൻ സർക്കാർ നയപരമായ തീരുമാനമെടുക്കണം.
- ജഡ്ജി, സർക്കാർ ഉദ്യോഗസ്ഥൻ, പോലീസ് ഉദ്യോഗസ്ഥൻ എന്നിവരടങ്ങുന്നതാകണം വിജിലൻസ് കമ്മിഷൻ. ഇതിനായി ബിൽ തയ്യാറാക്കണം.
- നിയമം വരുന്നതിനുമുമ്പ് ഇത്തരം കേസുകൾ വിജിലൻസ് ഡയറക്ടർ ഒറ്റയ്ക്ക് കൈകാര്യം ചെയ്യുന്നത് തടയണം.
- ഇതിനായുള്ള ചട്ടങ്ങളുടെ കരട് തയ്യാറാക്കാൻ നിയമവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താം.

പദ്മകുമാർ കളങ്കമില്ലാത്ത ഉദ്യോഗസ്ഥൻ 9 മലബാർ സിമൻറ്സ് ഉന്നതൻ അറസ്റ്റിൽ